105955

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - സംസ്ഥാനത്തെ ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റി, ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(കൈ.)നം. 116/2018/ആഭ്യന്തരം — തിരുവനന്തപുരം, തീയതി, 14.07.2018

---

പരാമർശം:
1. സംസ്ഥാന പോലീസ് മേധാവിയുടെ 25.01.2017, 09.03.2017, 19.05.2018 എന്നീ തീയതികളിലെ എസ് 1-3068/2017/പി.എച്ച്.ക്യൂ നമ്പർ കത്തുകൾ.
2. 29.06.2018 ലെ സ.ഉ.(കൈ.)നം. 108/2018/ആഭ്യന്തരം നമ്പർ ഉത്തരവ്.
3. 07.07.2018 ലെ സ.ഉ.(കൈ.)നം. 112/2018/ആഭ്യന്തരം നമ്പർ ഉത്തരവ്.

**ഉത്തരവ്**

ട്രാഫിക് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരെ റോഡ് അപകടങ്ങളുടെ അന്വേഷണത്തിനും അതിനെ തുടർന്നുള്ള ചാർജ് ഷീറ്റ് തയ്യാറാക്കൽ, MACT നടപടിക്രമങ്ങൾ എന്നിവയ്ക്കായും ചുമതലപ്പെടുത്തുന്നതു കാരണം നിലവിൽ ട്രാഫിക് നിയന്ത്രണം ശക്തമാക്കുവാൻ സാധിക്കുന്നില്ലായെന്നും റോഡപകടങ്ങളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റി ട്രാഫിക് പോലീസ് സ്റ്റേഷനുകളെ ട്രാഫിക് എൻഫോഴ്സ്മെന്റിനും ട്രാഫിക് നിയന്ത്രണത്തിനും വേണ്ടി മാത്രമുള്ളതാക്കി മാറ്റുന്നതിലൂടെ ട്രാഫിക് നിയന്ത്രണം ശക്തമാക്കുവാനും അതുവഴി അപകടങ്ങളുടെ എണ്ണം കുറയ്ക്കുവാനും ഗതാഗതക്കുരുക്ക് ലഘൂകരിക്കുവാനും ഗതാഗതം സുഗമമാക്കുവാനും സാധിക്കുമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തിലൂടെ റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതിനാൽ ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റി ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്ത് ഉത്തരവാകണമെന്നും പരാമർശിത കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയ്ക്ക് വിധേയമായി ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നിന്ന് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക്